**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6706** **11-07-2024 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പാക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | ബഹു ഹൈ കോടതിയുടെയും സുപ്രീം കോടതിയുടെയും ഉത്തരവുകൾ ക്കനുസൃതമായി ഭിന്നശേഷി സംവരണ നിയമനം, അദ്ധ്യാപക-അനദ്ധ്യാപക നിയമനാംഗീകാരങ്ങൾ എന്നീ വിഷയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് 25.06.2022 ലെ സ.ഉ (കൈ) നം.111/2022/പൊ.വി.വ , 24.03.2023 ലെ സ.ഉ (കൈ) നം.29/2023/പൊ.വി.വ, 01/11/2023, 24/01/2024, 06/05/2024 തീയതികളിലെ ജെ.ആർ1/502/2023/പൊ.വി.വ നമ്പർ കത്തുകൾ എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് റോസ്റ്റർ തയ്യാറാക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ; നിലവിൽ ഇതിനകം തയ്യാറാക്കി കഴിഞ്ഞിട്ടുള്ള സ്കൂളുകളുടെ പട്ടിക നൽകുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | തയ്യാറാക്കി കഴിഞ്ഞിട്ടുള്ള റോസ്റ്ററുകൾ പ്രകാരം അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലായി എത്ര തസ്തികകൾ വീതം കണ്ടെത്തിയിട്ടുണ്ടെന്ന വിവരം തസ്തിക തിരിച്ച്, വിദ്യാഭ്യാസ ഉപജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (സി) | കാറ്റഗറി-1 പ്രൈമറി-2006,<br><br>കാറ്റഗറി-2 എച്ച്.എസ്.റ്റി - 801<br><br>പ്രസ്തുത വിവരങ്ങൾ വിദ്യാഭ്യാസ ജില്ല തിരിച്ചല്ല കണക്കാക്കുന്നത്. വിവിധ വിദ്യാഭ്യാസ ജില്ലകളിൽ സ്കൂളുകളുള്ള മാനേജർമാർ തങ്ങളുടെ കീഴിലുള്ള എല്ലാ സ്കൂളുകളെയും കൂടി ഒരു യൂണിറ്റായാണ് റോസ്റ്റർ തയ്യാറാക്കുന്നത്. പല ജില്ലകളിലെ സ്കൂളുകളിലെയും ബാക്ക് ലോഗ് ഒരുമിച്ച് കണക്കാക്കി സമന്വയയിലൂടെ മാനേജർ റോസ്റ്റർ നൽകുന്നതിനാൽ വിദ്യാഭ്യാസ ജില്ല തിരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. |

സെക്ഷൻ ഓഫീസർ